## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1420** — **06.02.2020-ൽ മറുപടിക്ക്**

## ഓഖി ദുരിതബാധിതർക്കുള്ള സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. ജോയി<br>,, എം. നൗഷാദ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഓഖി ദുരന്തം നടന്നിട്ട് രണ്ട് വർഷം പൂർത്തിയായ ഇക്കാലം കൊണ്ട് ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായും അവരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | 2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഓഖി ഫണ്ടിനത്തിൽ ലഭിച്ചത് 108 കോടി രൂപയായിരുന്നു. എന്നാൽ ആകെ 122 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിക്കഴിഞ്ഞു. അതിൽ 88.75 കോടി രൂപയുടെ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നത്. ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.2232 കോടി രൂപ ലഭ്യമായിട്ടുണ്ട്.<br>ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയുടെ സമഗ്രവികസ നത്തിനായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യമേഖലയുടെ ദീർഘകാല വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യവൽക്കരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയാണ് ഓഖി |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പാക്കേജ് ആവിഷ്കരിക്കുന്നതിന് ശ്രീ. എസ്.എം. വിജയാനനന്ദ് ഐ.എ.എസ്, ചെയർമാനായി (റിട്ടയേർഡ് ചീഫ് സെക്രട്ടറി (സി എം സി)) ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും മത്സ്യബന്ധന മേഖലയിലെ ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) വഴിയും Basic Human Needs, Coastal Infrastructure, Human Development, Social Service, Quality of Public Seminar, Self Help Group and Cooperative Safety, Disaster Management എന്നിവ സംബന്ധിച്ച് പഠനങ്ങൾ TISS (Tata Institute of Social Science) മുഖേനയാണ് നടത്തുന്നത്. പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>TISS യുമായിട്ടുള്ള MoU ഒപ്പു വയ്ക്കുകയും ഫീൽഡുതല പഠനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. IRMA യുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പഠനങ്ങൾ നടന്നുവരികയും ചെയ്യുന്നു. തീരദേശത്തെ പശ്ചാത്തല വികസന ആവശ്യങ്ങൾ, അടിയന്തിരമായി പരിഹരിക്കേണ്ട മത്സ്യബന്ധന ഹാർബറുകളുടെ വികസനം, വിപുലീകരണം, തീരദേശത്തെ റോഡ് വികസനം, തീരത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ സ്വാധീനത്താൽ ഉണ്ടാകുന്ന തീരശോഷണം പരിഹരിക്കൽ, തീരദേശത്തെ സ്കൂളുകളുടെ വികസനം, മാർക്കറ്റ് വികസനം, നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയ്ക്കെല്ലാമായി ഇതിനകം 4465 കോടി രൂപയുടെ പദ്ധതികൾ തീരദേശ മേഖലയിൽ നടപ്പാക്കി വരികയാണ്. ചുരുക്കത്തിൽ കേരളത്തിന്റെ തീരപ്രദേശം ഒരു സമഗ്രവികസനത്തിലേയ്ക്ക് കുതിക്കുകയാണ്. |
| (സി) | ഇത്തരം ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷയ്ക്കായും അപകടത്തിൽപ്പെടുന്നവരെ | (സി) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 എണ്ണം ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തു വരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക |

| | | | |
|---|---|---|---|
| | സത്വരമായി രക്ഷിച്ച് കരയിലെത്തിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെ കുറിച്ച് വിശദമാക്കാമോ; | | പരിശീലനം നൽകി 900 കടൽ സുരക്ഷ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. ഇതുവരെയായി 433 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. 'കടൽ സുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി 500 GPS, 1000 ലൈഫ് ബോയെയും അതോടൊപ്പം 'കടൽ സുരക്ഷയും ആഴക്കടൽ മത്സ്യബന്ധനവും' പദ്ധതിയിലുൾപ്പെടുത്തി 66 ജി പി എസുകളും 132 ലൈഫ് ബോയികളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ അടിയന്തിര ഘട്ടങ്ങളിൽ 1500 കി.മി അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക്' ഉപകരണങ്ങൾ 15000 എണ്ണം ലഭ്യമാക്കുന്നതിന് അനുമതി നൽകിയതനുസരിച്ച് ആദ്യ ഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ഇതുവരെ 923 ഗുണഭോക്താക്കൾക്ക് ആയത് നൽകിയിട്ടുമുണ്ട്. 2018-19 വർഷം പരമ്പരാഗത മത്സ്യ യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി. 15 മീറ്റർ വരെ നീളമുള്ള 647 യാനങ്ങൾക്ക് കഴിഞ്ഞ വർഷം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. കൂടാതെ ഈ വർഷം ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. പദ്ധതിയിൽ DAT, VHF, Marine Radio എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ 75% സബ്സിഡിയോടു കൂടി നൽകുന്നതിന് 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 750 യാനങ്ങളിൽ Vessel monitoring system 60% സബ്സിഡിയോടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 320 FRP ബോട്ടുകൾ |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. |
| (ഡി) | കൃത്യതയുള്ള മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വിശദമാക്കാമോ? | (ഡി) | കാലാവസ്ഥ മുന്നറിയിപ്പ് കാലാ കാലത്തിൽ കുറ്റമറ്റതാക്കുന്നതിന് സംസ്ഥാന സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

1. ഭവന പദ്ധതി

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു.

ആകെയുള്ള 72 പേരിൽ 15 പേർ അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും മാറി താമസിക്കുവാൻ താത്പര്യമില്ലയെന്ന് അറിയിച്ചിട്ടുണ്ട്. 14 പേർ മുൻവർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെട്ടവരാണ് ഇതിൽ 5 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 20 പേർക്ക് ഫ്ലാറ്റ് വേണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. മൊത്തം 72 ഗുണഭോക്താക്കളിൽ മേൽപറഞ്ഞ 48 പേർ ഒഴിച്ച് ബാക്കിയുള്ള 23 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടി രൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 23 പേരിൽ 15 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

2. ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെ പുനരധിവാസം

തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും. വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 20 പേരുടെ സ്ഥലം രജിസ്റ്റർ ചെയ്തു. ഭവന നിർമ്മാണം പുരോഗമിച്ചു വരുന്നു.

3.ഭവന പുനരുദ്ധാരണം

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.042 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 194.5 ലക്ഷം ചെലവഴിച്ചു.

4. മത്സ്യബന്ധന യാനങ്ങൾക്കുള്ള നഷ്ടപരിഹാരം

ഓഖിദുരന്തത്തിൽപ്പെട്ട് പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 480 മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആറു ഘട്ടങ്ങളിലായി 7,07,28,615/- രൂപ (ഏഴ് കോടി ഏഴ് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അറുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) നൽകിയിട്ടുണ്ട്.

5. വിദ്യാഭ്യാസ ധനസഹായ പാക്കേജ്

ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് 06/12/2017 തീയതിയിലെ സ.ഉ (കൈ) നം. 1/2017/ഡി.എം.ഡി പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ഓഖി ചുഴലികാറ്റിൽ

മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ച് ലഭ്യമായിട്ടുണ്ട്.ഇതിൽ 2018-19 ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.75 ലക്ഷം രൂപ ചെലവഴിച്ചു. 2019-20ൽ 148 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 65 ലക്ഷം രൂപചെലവഴിച്ചു. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്.

6. മറൈൻ ആംബുലൻസ് .

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. മൊത്തം ആവശ്യമായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിക്കുകയും രണ്ട്ഘട്ടങ്ങളിലായി5.84 കോടി രൂപ കൊച്ചിൻ ഷിപ്പ്യാർഡിന് അനുവദിക്കുകയും ചെയ്തു.ആദ്യ മറൈൻ ആംബുലൻസിന്റെ നിർമ്മാണം 2020 ഫെബ്രുവരി അവസാനവും, ബാക്കി രണ്ടെണ്ണം മാർച്ചിൽ 2020 ലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

7. ലൈഫ് ജാക്കറ്റ് വിതരണം

കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ 32,856 ലൈഫ് ജാക്കറ്റുകൾ നൽകി.

8. നാവിക് ഉപകരണങ്ങൾ നൽകൽ

15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവെച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടത്തിയിട്ടുണ്ട്. ആദ്യഘട്ടമായി 2.29 കോടി രൂപ കെൽട്രോണിന് കൈമാറി. ഐ.എസ്.ആർ.ഒ സൗജന്യമായി നൽകിയ 250 നാവിക് ഉപകരണങ്ങൾ ഇതിനകം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വിതരണം ചെയ്തു കഴിഞ്ഞു.കെൽട്രോൺ ഇതുവരെ 1550 നാവിക് ഉപകരണങ്ങൾ നിർമ്മിച്ചു നൽകി. ഇതിൽ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ച 1500/- രൂപ അടച്ച 923 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തു. 9/5/2019 ലെ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കെൽട്രോണിൽ നിന്നും 2500 നാവിക് ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചു. ബാക്കിയുള്ളവ ടൂ-വേ-കമ്മ്യൂണിക്കേഷൻ ആക്കിയതിനുശേഷം വാങ്ങാൻ തീരുമാനിച്ചു.

9. സാറ്റ്‌ലൈറ്റ് ഫോൺ

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റ്‌ലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി

സ്വീകരിച്ചു. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നു വരുന്നു. ഗുണഭോക്തൃവിഹിതം 1000/-രൂപ പരമ്പരാഗത യാന ഉടമകളും 46951/- രൂപ യന്ത്രവത്കൃത യാനഉടമകളും അടക്കേണ്ടതുണ്ട്. 181 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടച്ചു. ഇതിൽ 97 ഗുണഭോക്താക്കളുടെ "SIM" പ്രവർത്തനക്ഷമമാക്കി വിതരണം ചെയ്തു. ബാക്കിഗുണഭോക്താക്കളുടെ "SIM" പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10. കടൽ സുരക്ഷാ സ്ക്വാഡ്

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്രസർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമുള്ള ട്രെയിനിംഗ് ചെലവുകൾക്കായി 4.50 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ആഫീസർമാർക്ക് അനുവദിച്ചു.ഇതുവരെ 12 ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള 433 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. ഡിസംബർ 2020 ൽ 900 പേരടങ്ങുന്ന കടൽ സുരക്ഷാ സ്ക്വാഡിന്റെ പരിശീലനം പൂർത്തിയാക്കാൻ കഴിയും. കടൽ സുരക്ഷാ സ്ക്വാഡിലെ മത്സ്യബന്ധനയാനങ്ങൾക്ക് നൽകുന്ന സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു. മൺസൂണിന് ശേഷം യോഗ്യത പരീക്ഷ നടത്തി തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികളുടെ പരിശീലന പരിപാടി 28/10/19 മുതൽ ഗോവയിലെ നാഷണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ ആരംഭിച്ചു.

11. FRPബോട്ട്

120 FRPബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂറവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ഓഖി ദുരിതബാധിതരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും വഹിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. 65 ഗ്രൂപ്പുകൾ എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ നൽകി. ജില്ലകളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

12. ആധുനിക സമുദ്ര ഭക്ഷ്യ സംസ്ക്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും

ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്ക്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി ലഭിച്ചു. തുക ഓഖി ഫണ്ടിലെ നീക്കിയിരുപ്പ്

ദൂരംധിൽ നിന്നും വഹിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചു. ഇതിലേക്കായി മത്സ്യ തൊഴിലാളി വനിതകൾക്ക് പരിശീലനം നൽകുന്നതിന് CIFT മായി ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

13.ദുരന്തത്തിൽ മരിച്ചവരുടെ/കാണാതായവരുടെ വിധവകൾക്ക് തൊഴിൽദാന പദ്ധതി.

ഓഖിയിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ (പത്താം തരത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരും 40 വയസ്സിന് താഴെയുള്ളവരുമായ 42 പേർക്ക്) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. നിലവിൽ 32 പേർ ജോലി ചെയ്തു വരുന്നു. 10-ാം ക്ലാസ്സും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ള 12 വിധവകൾക്ക് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ വിവിധ ജോലികൾ നൽകുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

14. 2017 ലെ ഓഖി ദുരന്തത്തിൽ കാണാതാവുകയും മരണപ്പെടുകയും ചെയ്ത 143 മത്സ്യത്തൊഴിലാളികൾക്ക് റവന്യൂ വകുപ്പ് വഴി 20 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 16 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) കേന്ദ്ര ധനസഹായം 2 ലക്ഷം രൂപയും റവന്യൂ വകുപ്പ് വഴി നൽകിയിട്ടുണ്ട്. 1,13,923 മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വച്ച് അടിയന്തിര ധനസഹായം നൽകി.

15. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീടുവാടക നല്കി ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

16. ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 205 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധനസഹായമായി 10,25,000/- രൂപ നൽകിയിട്ടുണ്ട്.

17. ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുമായ മത്സ്യത്തൊഴിലാളികൾ നാഷണലൈസ്ഡ്, ഷെഡ്യൂൾഡ്, കോഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നും എടുത്ത വിവിധ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(1) സ്വർണ്ണം പണയപ്പെടുത്തി എടുത്ത വായ്പയുടെ കാര്യത്തിൽ 29/11/2017 തീയതിക്കു ശേഷമുള്ള പലിശയും/പിഴപലിശയും ബാങ്കുകൾ ഒഴിവാക്കേണ്ടതാണെന്നും 29/11/2017 വരെ കുടുശ്ശികയുള്ള മുതലും പലിശയും ഈടാക്കി മരിച്ചവരുടെ/കാണാതായവരുടെ കുടുംബാംഗങ്ങൾക്ക്

സ്വർണ്ണം തിരിച്ചു നൽകേണ്ടതാണെന്നും കുടുംബാംഗങ്ങൾ തുക അടയ്ക്കാൻ തയ്യാറാകാത്ത പക്ഷം നിയമാനുസൃതം സ്വർണ്ണം ലേലം ചെയ്ത് കിട്ടുന്ന തുകയിൽ നിന്നും 29/11/2017 ന് കുടിശ്ശികയുള്ള മുതലും പലിശയും കണക്കാക്കി പ്രസ്തുത തുക കുറച്ച് ബാക്കി തുക കുടുംബാംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണെന്നും സ്വർണ്ണം ലേലം ചെയ്ത് കിട്ടുന്ന തുകയേക്കാൾ കൂട്ടിയുള്ള തുകയാണെങ്കിൽ ബാക്കി തുക ബാങ്കുകൾ എഴുതി തള്ളേണ്ടതും കുടുംബാംഗങ്ങളെ വായ്പ വിമുക്തരാക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.

(2) മറ്റ് വായ്പകളുടെ കാര്യത്തിൽ ബാങ്കുകൾ പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്നും 29/11/2017 ന് അടക്കാൻ ബാക്കിയുള്ള മുതൽ പൂർണ്ണമായും എഴുതിത്തള്ളേണ്ടതും കുടുംബാംഗങ്ങളെ വായ്പാ വിമുക്തരാക്കേണ്ടതുമാണ്. ഇത്തരത്തിൽ എഴുതിത്തള്ളുന്ന മുതലിന്റെ 60% സർക്കാർ, ബാങ്കുകൾക്ക് അനുവദിക്കുന്നതും മുതലിന്റെ 40% ബാങ്കുകൾ വഹിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു. പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഫിഷറീസ് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ